പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2272 23-03-2012 ന് മറുപടിയ്ക്ക്

ശ്രീ. ആർ. ബാലകൃഷ്ണപിള്ള പറമ്പിക്കുളം സന്ദർശിച്ചത് സംബന്ധിച്ചുണ്ടായ ആക്ഷേപങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. നാരായണൻ : | ശ്രീ. കെ.ബി. ഗണേഷ് കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി ) |
| (എ) ജയിൽശിക്ഷ കഴിഞ്ഞു പുറത്തി റങ്ങിയ ശ്രീ. ആർ. ബാലകൃഷ്ണപിള്ള വനപാലക രുടെ അകമ്പടിയോടെ പറമ്പിക്കുളം സന്ദർശിച്ചതും, തുണക്കടവി ലുള്ള വനം വകുപ്പ് ഇൻസ് പെക്ഷൻ ബംഗ്ലാവിൽ താമസിച്ചതും സംബന്ധി ച്ചുണ്ടായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ ഇതേക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (എ) യും (ബി) യും<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള 9.1.2012 ൽ പറമ്പിക്കുളം വൈൽഡ് ലൈഫ് ഡിവിഷനിലെ തുണക്കടവിലുള്ള ഫോറസ്റ്റ് ഇൻസ് പെക്ഷൻ ബംഗ്ലാവിൽ താമസി ച്ചിട്ടുള്ളതും 10.1.2012 ൽ മടങ്ങി പോയിട്ടുള്ളതു മാണ്. ടി ഇൻസ് പെക്ഷൻ ബംഗ്ലാവിൽ താമസി ച്ചതിന് 11.2.2011 ലെ ജി.ഒ. (ആർ.റ്റി) 56/11/വനം നമ്പർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ അദ്ദേഹ ത്തിൽ നിന്നും വാടക ഈടാക്കി യിട്ടുണ്ട്. മേപ്പടി സന്ദർശനത്തിന് പറമ്പിക്കുളം ടൈഗർ റിസർവിൽ നിന്നും യാതൊരു അകമ്പടിയും നൽകിയിട്ടില്ല. മുല്ലപ്പെരിയാർ പ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ കേരള-തമിഴ് നാട് അതിർത്തി പ്രദേശങ്ങളിൽ സംഘർഷാവസ്ഥ നിലനിന്നിരുന്ന തിനാൽ മുൻമന്ത്രിയായ ശ്രീ. ബാലകൃഷ്ണ പിള്ളയ്ക്ക് തമിഴ് നാട് വഴി പറമ്പിക്കുളത്തേയ്ക്ക് യാത്രാവേള യിൽ വനം വകുപ്പിന്റെ അകമ്പടി നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ